(ബി) വനസംരക്ഷണ സമിതികൾക്ക് വനംവകുപ്പ് രൂപം കൊടുത്തു വരുന്നു. വനസംരക്ഷണ സമിതികൾ നിലവിലുള്ളിടത്ത് വനസംരക്ഷണ സമിതികളെക്കൊണ്ട് വനവിഭവ ശേഖരണം നടത്തുന്നുണ്ട്.

(സി) ഓരോ പ്രദേശത്തുള്ള വനാശ്രിത സമൂഹങ്ങൾ ഉൾപ്പെടുന്നതാണ് വന സംരക്ഷണ സമിതികളുടെ ഘടന.

(ഡി) ഓരോ പ്രദേശത്തുമുള്ള വനാശ്രിത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടാലേ വനസംരക്ഷണ സമിതികളുടെ പ്രവർത്തനം സമഗ്രവും ശാസ്ത്രീയവും ആവുകയുള്ളൂ.

കുടിയേറ്റ കർഷകർക്ക് കൈവശഭൂമി പതിച്ചു നൽകൽ

87 [4828] ശ്രീ. ഇ. എം. അഗസ്തി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ഡി. സതീശൻ:
„ ഡി. സുഗതൻ:
„ എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു കാലഘട്ടംവരെ വനം കയ്യേറിയ കുടിയേറ്റ കർഷകർക്കാണ് അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കുന്നത്;

(ബി) അതിനുശേഷം വനത്തിൽ അനധികൃത കയ്യേറ്റം ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തീയതിക്കുശേഷം എത്ര ഹെക്ടർ വനഭൂമിയിൽ കയ്യേറ്റം ഉണ്ടായിട്ടുണ്ട്;

(ഡി) ഇവരെ ഒഴിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) 1-1-1977-ന് മുൻപുവരെ കയ്യേറിയ കുടിയേറ്റ കർഷകർക്ക് കൈയേറ്റ ഭൂമി കേന്ദ്രാനുമതിയോടെ റഗുലറൈസ് ചെയ്യുന്നതിന് സർക്കാർ നയപരമായി തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്. 1-1-1977-ന് ശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുക്കുകയും ആയത് നടപ്പാക്കി വരികയും ചെയ്യുന്നു.

ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പിനായി നടത്തിയ വിദേശയാത്ര

88 [4829] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പിനായി വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വിദേശ പര്യടനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചത്;

(സി) ഏതെല്ലാം ഉദ്യോഗസ്ഥരാണ് വിദേശ പര്യടനം നടത്തിയത്;

(ഡി) പ്രസ്തുത വിദേശ പര്യടനത്തിനായി ചെലവഴിച്ച തുക എത്ര?

ഉത്തരം

(എ) വകുപ്പുമന്ത്രി വിദേശ പര്യടനം നടത്തിയിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിദേശ പര്യടനം നടത്തിയിട്ടുണ്ട്.

(ബി) മലേഷ്യ, ഇൻഡോനേഷ്യ, സിംഗപ്പൂർ, ശ്രീലങ്ക, യു.കെ., തായ്ലാന്റ്, ബ്രസീൽ, യു.എസ്.എ., കോസ്റ്റാറിക്ക, ആസ്ട്രേലിയ, ന്യൂസിലാന്റ്.

(സി) വിദേശ പര്യടനം നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം താഴെ കുറിക്കുന്നു:

1. ശ്രീ. കെ. മോഹനചന്ദ്രൻ, പ്രിൻസിപ്പൽ സെക്രട്ടറി
2. ,, ഇ. കെ. ഭരത് ഭൂഷൻ, വനംവകുപ്പ് സെക്രട്ടറി
3. ,, കെ. ശശിധരൻ നായർ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
4. ,, പി. കെ. സുരേന്ദ്രനാഥൻ ആശാരി, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
5. ,, കെ. ബാലചന്ദ്രൻ തമ്പി, സി.സി.എഫ്.
6. ,, വി. എസ്. വറുഗ്ഗീസ്, സി.സി.എഫ്.
7. ,, ഡി. എസ്. റാവു, സി.സി.എഫ്.
8. ,, വി. കെ. സിൻഹ, സി.സി.എഫ്.
9. ,, വി. ഗോപിനാഥൻ, സി.സി.എഫ്.
10. ,, ജൂപുഡിപ്രസാദ്, സി.എഫ്.
11. ,, വി. കെ. ഉണ്ണിയാൽ, സി.എഫ്.
12. ,, ജി. ഹരികുമാർ, സി.എഫ്.
13. ,, എ. കെ. ഗോയൽ, സി.എഫ്.
14. ,, കെ. ജെ. വറുഗ്ഗീസ്, സി.എഫ്.
15. ,, ആർ. ആർ. ശുക്ല, സി.എഫ്.
16. ,, റ്റി. ജെ. ടെഗ്ഗി, സി.എഫ്.
17. ,, ഒ. പി. കലേർ, സി.എഫ്.
18. ,, ഐ. വി. സുബ്രഹ്മണ്യം, ഡി.സി.എഫ്.
19. ,, ബെന്നിച്ചൻ തോമസ്, ഡി.സി.എഫ്.
20. ,, എൻ. സേതുകുമാർ, ഡി.സി.എഫ്.
21. ,, പി. മോഹനചന്ദ്രൻ, എ.സി.എഫ്.
22. ,, എസ്. ജനാർദ്ദനൻ, എ.സി.എഫ്.
23. ,, ജോസഫ് തോമസ്, എ.സി.എഫ്.
24. ,, സി. രാജേന്ദ്രൻ, റെയിഞ്ച് ഓഫീസർ
25. ,, എസ്. ശ്രീകുമാരൻ നായർ, റെയിഞ്ച് ഓഫീസർ.

(ഡി) 1997 മുതൽ 1999 വരെ 13,78,680 രൂപ ചെലവഴിച്ചിട്ടുണ്ട്. 2002-2003 കാല ഘട്ടത്തിൽ 15-5-2003 വരെ എഫ്.എ.ഒ. (ഫുഡ് ആന്റ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ) മുഖാന്തിരം 1,46,121 ഡോളർ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly